"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്തിൽ (നിലവിൽ നഗരസഭ) ചട്ടലംഘനങ്ങളോടെ നിർമ്മിച്ച അനധികൃത നിർമ്മാണങ്ങൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് പ്രസ്തുത പഞ്ചായത്തിലെ മുൻ സെക്രട്ടറി വിരമിച്ച. ശ്രീ. കെ.കെ. ശശിധരൻ -നെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.181/2026/LSGD തീയതി,തിരുവനന്തപുരം, 22-01-2026

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനറുടെ 08.02.2012-ലെ സി3-737/2012 നമ്പർ കത്ത്.
2. 18.07.2014-ലെ 71878/ഇപിബി2/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. ശശിധരൻ കെ.കെ. സമർപ്പിച്ച 09.09.2014-ലെ എതിർവാദ പത്രിക.
4. 06.02.2025-ലെ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശശിധരൻ കെ.കെ. സമർപ്പിച്ച 10.02.2025-ലെ വിശദീകരണം.
5. 27.09.2025-ലെ EPB2/362/2015-LSGD നമ്പർ സർക്കാർ കത്ത്.
6. OA 1457/2024-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.12.2025-ലെ ഉത്തരവ്.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.01.2026 തീയതിയിലെ LSGD/PD/13577/2023-VIGB5 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്തിൽ (നിലവിൽ നഗരസഭ) ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ സെക്രട്ടറിയായിരുന്ന ശ്രീ കെ.കെ. ശശിധരൻ ക്രമവൽക്കരിച്ച് നല്കിയിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. സി. കെ. ഗോപി-യുടെ പരാതിയിന്മേൽ ചീഫ് ടൗൺ പ്ലാനറുടെ പരമാർശം (1) ശിപാർശയുടെ അടിസ്ഥാനത്തിൽ, ചട്ടലംഘനങ്ങളോടുകൂടി നിർമ്മിച്ച നിരവധി അനധികൃത നിർമ്മാണങ്ങൾക്ക് ശ്രീ. കെ.കെ. ശശിധരൻ അനുമതി നൽകുകയും അനധികൃതമായി നിർമ്മിച്ച അനവധി കെട്ടിടങ്ങൾ ടിയാൻ ക്രമീകരിച്ചു നൽകിയിട്ടുള്ളതായും കണ്ടെത്തിയതിനെ തുടർന്ന് 30.11.2012-ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാനെതിരെ KSR Part III Rule 3(b) പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം അഞ്ച് വർഷത്തേയ്ക്ക് കുറവ്

ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

2. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ശശിധരൻ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ, ചീഫ് ടൗൺ പ്ലാനർ ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് വന്നപ്പോൾ അവർ ആവശ്യപ്പെട്ട ഫയലുകൾ നൽകിയിരുന്നുവെന്നും അതിൽ ചില ഫയലുകളിൽ കണ്ടെത്തിയ കെട്ടിട നിർമ്മാണ പെർമിറ്റുകളുമായി ബന്ധപ്പെട്ട നേരിയ അപാകതകൾ ശ്രദ്ധയിപ്പെടുത്തിയപ്പോൾ തന്നെ ടി പെർമിറ്റുകൾ തിരികെ വിളിച്ച് അപാകത പരിഹരിച്ചിരുന്നതായും, ഇത്രയും വലിയ ഗ്രാമ പഞ്ചായത്തിൽ ഇത്രയും സങ്കീർണ്ണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടും താരതമ്യേന വളരെ നിസാരമായ അപാകതകൾ മാത്രമേ കണ്ടെത്തിയിട്ടുള്ളൂവെന്ന് പരിശോധന ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചിരുന്നതായും എന്നിട്ടും പരിശോധന റിപ്പോർട്ടിൽ എന്തെങ്കിലും അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ ആയത് മനപൂർവ്വം ചെയ്തിട്ടുള്ളതല്ലെന്നും ഉത്തമ ബോധ്യത്തിൽ ചെയ്ത കാര്യങ്ങളിൽ സംഭവിച്ച തെറ്റുകളായി കണക്കാക്കി മാപ്പാക്കണമെന്നും ഉപജീവനത്തിനുള്ള പെൻഷനിൽ നിന്നും ദീർഘകാലത്തേക്ക് തുക കുറവ് ചെയ്യാനുള്ള നടപടി സ്വീകരിക്കരുതെന്നും അപേക്ഷിച്ചിരുന്നു.

3. മേൽ എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് തേടിയിരുന്നെങ്കിലും പരാമർശ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ മുൻ ഏറ്റുമാനൂർ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ റിപ്പോർട്ട് ലഭ്യമായിരുന്നില്ല. തുടർന്ന്, 06.02.2025-ൽ സർക്കാർ തലത്തിൽ ശ്രീ. ശശിധരനെ നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ ടിയാൻ ചുവടെ പറയും പ്രകാരം മൊഴി നൽകുകയും ആയത് രേഖാമൂലം പരാമർശം (4) പ്രകാരം സമർപ്പിക്കുകയും ചെയ്തിരുന്നു.

*71878/EPB2-/2012/LSGD (New File-EPB2/362/2015-LSGD] നമ്പർ ഫയലിലെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട വിഷയം താൻ റിട്ടയർ ചെയ്യുന്നതിന് തൊട്ടു മുൻപായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ടുള്ളതാണെന്നും അതു പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിന് 09.09.2014 ൽ മറുപടി സമർപ്പിച്ചിരുന്നതാണെന്നും, ഏതൊക്കെ ഫയലുകളിലാണ് ക്രമക്കേട് കണ്ടെത്തിയതെന്ന് ബോദ്ധ്യപ്പെടുത്താതെയുള്ള നോട്ടീസായിരുന്നതിനാൽ പൊതുവെയുള്ള ഒരു മറുപടിയാണ് നൽകിയിരുന്നതെന്നും ഇതിൽ കൂടുതൽ വിശദീകരണം നൽകണമെങ്കിൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചശേഷമേ വിശദമായ മറുപടി നൽകാൻ സാധിക്കുകയുള്ളൂ എന്നും ശ്രീ. ശശിധരൻ കെ.കെ. മൊഴി നൽകുകയുണ്ടായി.*

4. മേൽ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ, അച്ചടക്ക നടപടിക്ക് ആധാരമായ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്തിലെ ഫയലുകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം നടപടി സ്വീകരിച്ചു വരികെ ശ്രീ. ശശിധരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA

1457/2024-മേൽ ബഹു. ട്രിബ്യൂണൽ 12.12.2025-ലെ ഉത്തരവ് പ്രകാരം എതിർകക്ഷികൾക്ക് ചുവടെ പറയും പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

*അപേക്ഷകനെ 2025 ഫെബ്രുവരിയിൽ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള Annexure A17 (71878/EPB2/2012/LSGD dtd 18.7.2014) കാരണം കാണിക്കൽ നോട്ടീസ് പ്രകാരമുള്ള അച്ചടക്ക നടപടിയിന്മേൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഒരു മാസത്തിനുള്ളിൽ (ടി ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ) അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അപ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും തുക കുറവ് ചെയ്തശേഷം രണ്ടു മാസത്തിനുള്ളിൽ എതിർകക്ഷികൾ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതാണ്.*

5. തുടർന്ന്, പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*ശ്രീ. കെ.കെ. ശശിധരൻ-ന് എതിരായ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട ഫയലുകൾ ഏറ്റുമാനൂർ നഗരസഭയിൽ പലതവണ പരിശോധന നടത്തിയതിലും കണ്ടെത്തുവാൻ സാധിച്ചിട്ടില്ലായെന്നും അന്വേഷണത്തിൽ 2012 വർഷത്തിലേതാണ് ടി ഫയലുകൾ എന്ന് അറിയുവാൻ കഴിഞ്ഞിട്ടുള്ളതായും കുറെയധികം ഫയലുകൾ ടി കാലഘട്ടത്തിൽ ചിതലെടുത്ത് പോയതായും 2015 കാലഘട്ടത്തിൽ ഏറ്റുമാനൂർ പഞ്ചായത്ത് നഗരസഭയായി മാറിയതാണെന്നും ടി കാലഘട്ടത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ വിവരങ്ങളും ചുമതലകളും സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന് ഏറ്റുമാനൂർ നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.*

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് മുൻനിർത്തി മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. കെ.കെ. ശശിധരനെതിരെ നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ വ്യക്തമായി നിർവ്വചിച്ചിട്ടില്ല എന്നതും, അച്ചടക്ക നടപടിക്ക് ആധാരമായ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്തിലെ (നിലവിൽ നഗരസഭ) ഫയലുകൾ നിരവധി പരിശോധനകൾക്കുശേഷം നിലവിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പരിഗണിക്കുമ്പോൾ 30.11.2012-ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാനെതിരെ മേൽ കാരണം കാണിക്കൽ നോട്ടീസിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി തുടരുന്നത് ഉചിതമല്ല എന്ന് നിരീക്ഷിച്ച്, ശ്രീ. കെ.കെ. ശശിധരനെതിരെ KSR Part III Rule 3(b) പ്രകാരം പരാമർശം (2) കാരണം കാണിക്കൽ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാനെതിരെയുള്ള തുടർ നടപടി ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

7. OA 1457/2024-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. കെ.കെ. ശശിധരൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്ത്
(നിലവിൽ ഏറ്റുമാനൂർ നഗരസഭ) *[തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന]*
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്, കേരളം, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (*File No. EPB2/362/2015-LSGD*)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 22-01-2026 12:35:18**

സെക്ഷൻ ഓഫീസർ